**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5174** **21-07-2022 - ൽ മറുപടിയ്ക്ക്**

**ജൈവവളം വാങ്ങി സർക്കാർ ഏജൻസികൾ വഴി വിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ സംരംഭക യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ജൈവവളം കൃഷി ഓഫീസുകൾ, ഫാമുകൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, മറ്റുള്ളവ വഴി വാങ്ങുന്നതിനും വിപണനം നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | **കൃഷി വകുപ്പ് പഞ്ചായത്ത് എന്നിവർ നൽകുന്ന ലൈസൻസുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്കും കൃഷി ഫാമുകൾക്കും അവരുടെ ഉപയോഗത്തിന് ആവശ്യമായ ജൈവ വളം സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ച് വാങ്ങാവുന്നതാണ്. കൃഷി വകുപ്പ് സ്വകാര്യ സംരംഭകരിൽ നിന്നും നേരിട്ട് ജൈവ വളം വാങ്ങി വിപണനം ചെയ്യുന്നില്ല.** |
| (ബി) | കൊല്ലം ജില്ലയിലെ കുന്നിക്കോട് വിളക്കുടിയിൽ പ്രവർത്തിക്കുന്ന കൃഷി വകുപ്പിന്റെ അനുമതിപത്രം ലഭിച്ചിട്ടുള്ള എസ്.വി.എസ്. ഓർഗാനിക് ഫെർട്ടിലൈസർ ഉൽപ്പാദിപ്പിച്ച 50 ലക്ഷത്തോളം രൂപയുടെ വളം കോവിഡ് മഹാമാരിയെ തുടർന്ന് വിതരണം ചെയ്യാൻ കഴിയാതെ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വളം വാങ്ങി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) | എസ്.വി.എസ് ഓർഗാനിക് ഫെർട്ടിലൈസർ എന്ന സ്ഥാപനത്തിന് അവർ ഉല്പാദിപ്പിക്കുന്ന ജൈവവളം വിതരണം ചെയ്യുന്നതിനുള്ള മൊത്ത വിതരണ ലൈസൻസ് കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. മൊത്ത ലൈസൻസ് ഉള്ള സ്ഥാപനത്തിന് ചില്ലറ വിൽപ്പനക്കാർ വഴിയും കർഷകർക്ക് നേരിട്ടും വിപണനം നടത്താവുന്നതാണ്. |
| (സി) | ബാങ്ക് വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ പ്രസ്തുതസ്ഥാപനം ജപ്തി നടപടികൾ നേരിടുന്ന സാഹചര്യത്തിൽ, പ്രസ്തുത യുണിറ്റ് ഉല്പാദിപ്പിക്കുന്ന ജൈവവളം വിൽക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ആയതിന് പ്രത്യേക ഉത്തരവ് നൽകാനാകുമോ; വിശദമാക്കാമോ? | (സി) | എസ്.വി.എസ് ഓർഗാനിക് ഫെർട്ടിലൈസർ എന്ന സ്ഥാപനത്തിന് അവർ ഉല്പാദിപ്പിക്കുന്ന ജൈവവളം വിതരണം ചെയ്യുന്നതിനുള്ള മൊത്ത വിതരണ ലൈസൻസ് കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. മൊത്ത ലൈസൻസ് ഉള്ള സ്ഥാപനത്തിന് ചില്ലറ വിൽപ്പനക്കാർ വഴിയും കർഷകർക്ക് നേരിട്ടും വിപണനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ